# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 6164 07/11/2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

**പരസ്യ ബോർഡുകളും ഡിസ്പ്ലേകളും സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് റോഡുകളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളും ഡിസ്പ്ലേകളും മറിഞ്ഞ് വീണ് യാത്രക്കാർക്കും പൊതുജനങ്ങൾക്കും അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | റോഡുകൾക്ക് ഇരുവശവും പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ദൂരപരിധി എത്രയാണ്; ഈ പരിധി കർശനമായി പാലിക്കുന്നുണ്ടോ യെന്നത് പരിശോധിക്കാറുണ്ടോ; ഈ ദൂരപരിധി കുറയ്ക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;<br><br>സി) നിലവിലെ ദൂരപരിധി കുറയ്ക്കുന്നത് അപകടങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കുമെന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | ബി) & സി) | ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന പരസ്യനികുതി ബൈലയിൽ പൊതുവായ കെട്ടിട നിലയിൽ നിന്ന് 100 സെ.മീ. കവിഞ്ഞ് പൊതുനിരത്തു-കളിലേക്ക് പരസ്യ സംവിധാനം ഉന്തി നില്ക്കാൻ പാടില്ലെന്നും പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലങ്ങളിലോ പഞ്ചായത്ത് റോഡിന്റെ വശങ്ങളിലോ പരസ്യബോർഡുകൾ സ്ഥാപിക്കണ-മെങ്കിൽ ഈ ആവശ്യത്തിലേക്കായി പഞ്ചായത്തിന്റെ അനുവാദം മുൻകൂട്ടി വാങ്ങിയിരി-ക്കേണ്ടതാണെന്നും, ദേശീയപാത, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് എന്നിവയുടെ സൈഡിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കേ-ണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരം റോഡുകൾക്ക് ഇരുവശവും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നിശ്ചിത ദൂരപരിധി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ, മേൽ പരാമർശിത ചട്ടത്തിലെ ചട്ടം (4) പ്രകാരം പരസ്യ ബോർഡുകളോ കമാനങ്ങളോ സ്ഥാപിക്കുന്നതിന് അനുവാദം നല്കുന്നതിനുള്ള നടപടിക്രമങ്ങളിലെ ഉപചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് നഗരസഭകൾ ലൈസൻസ് നല്കുന്നത്. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ റോഡ് സുരക്ഷ കണക്കിലെടുത്ത് പൊതു നിരത്തുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും, ബോർഡുകൾ, ഹോർഡിംഗുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ നയം വ്യക്തമാക്കിക്കൊണ്ട് Kerala Road Safety Act, 2007 നെ അടിസ്ഥാനമാക്കി കേരളാ സ്റ്റേറ്റ് പോളിസി ഓൺ ഔട്ട് ഡോർ അഡ്വർട്ടൈസിംഗ് പോളിസി അംഗീകരിച്ച് 02/02/2016 ലെ G.O(MS)No.06-2016/Trans നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം പുറപ്പെടുവിക്കപ്പെട്ട പോളിസി 4.3 ൽ അഡ്വർട്ടൈസ്മെന്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങളും അവയ്ക്കുള്ള നിബന്ധനകളും വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത നയത്തിനനുസരണമായി തുടർനടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ 04/03/2016 ലെ ജി.ഒ(ആർ.ടി) നം. 133/2016/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം ഔട്ട് ഡോർ അഡ്വർട്ടൈസിംഗ് പോളിസി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രായോഗികത പഠിച്ച് ശുപാർശകൾ നൽകുന്നതിലേയ്ക്കായി 6 അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഉദ്യോഗസ്ഥ സമിതിയും രൂപീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 2009 സി വകുപ്പ് പ്രകാരം അനധികൃതമായ പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്. റോഡ് സുരക്ഷയ്ക്ക് ഭീഷണിയായി തീർന്നിട്ടുള്ള ഹോർഡിംഗ്സ് ഉൾപ്പെടെയുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് 2005 ലെ ദുരന്തനിവാരണ നിയമം വകുപ്പ് 21(1) പ്രകാരമുള്ള നിർദ്ദേശം 29/06/2015 ലെ ജി.ഒ(എം.എസ്) നം.271/2015/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇൻഡ്യൻ റോഡ്സ് കോൺഗ്രസിന്റെ നിലവിലെ മാനദണ്ഡങ്ങളനുസരിച്ച് സുഗമമായ റോഡ് ഗതാഗതത്തെ സഹായിക്കുന്ന ട്രാഫിക് ചിഹ്നങ്ങളും മാർക്കിംഗുകളുമൊഴികെ മറ്റു ബോർഡുകളൊന്നും തന്നെ റോഡുകളിൽ അനുവദനീയമല്ല ആയതിനാൽ റോഡ് സുരക്ഷയുടെ അടിസ്ഥാനത്തിൽ റോഡുകളുടെ വശങ്ങളിൽ പരസ്യബോർഡുകൾ പൂർണ്ണമായും ഒഴിവാക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | റോഡ് സുരക്ഷയ്ക്കാവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ? | ഡി) | റോഡ് സുരക്ഷയ്ക്കാവശ്യമായ തദ്ദേശസ്വയം-ഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട എല്ലാ മുൻകരുതലുകളും സ്വീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ